നടപടി ക്രമങ്ങൾ

**അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം - 10**

**(ഹാജർ : മേജർ ജനറൽ,ബി.ജി ഗിൽഗാഞ്ചി)**

എൻ.സി.സി വകുപ്പ് :- എസ്റ്റാബ്ലിഷ്മെന്റ് - എൻ.സി.സി വകുപ്പിൽ ആശ്രിത നിയമന പദ്ധതി പ്രകാരം ശ്രീമതി ദീപ്തി കെ-യ്ക്ക് ക്ലാർക്ക് തസ്തികയിലേക്ക് നിയമനം - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ.1806/എ2-എസ്റ്റാ/2016/എൻ.സി.സി തിരുവനന്തപുരം തീയതി :10 ഏപ്രിൽ 2019.

സൂചന : 1. ജി.ഒ (എം.എസ്) നമ്പർ.12/1999/പി & എ.ആർ.ഡി തീയതി 24.05.1999.
2. ജി.ഒ (എം.എസ്) നമ്പർ.49/2019/ഉ.വി.വ തീയതി 28.02.2019.

# ഉത്തരവ്

1. എൻ.സി.സി വകുപ്പിൽ കോഴിക്കോട് 9-ാം കേരളാ ഗേൾസ് എൻ.സി.സി ബറ്റാലിയനിൽ, സീനിയർ ഗ്രേഡ് ഡ്രൈവർ ആയിരിക്കെ മരണമടഞ്ഞ ദേവദാസിന്റെ മകൾ ശ്രീമതി ദീപ്തി കെ-യ്ക്ക് (പുലരി ഹൗസ്, കൊഴുകല്ലൂർ പി.ഒ, മേപ്പയൂർ, കോഴിക്കോട്) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ കോഴിക്കോട് ജില്ലയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷിക്കുകയുണ്ടായി. 28 വയസ്സ പ്രായമുള്ള ശ്രീമതി ദീപ്തി കെ-യുടെ ജനന തീയതി 28.05.1990 ആണ്. ടിയാന്റെ വിദ്യാഭ്യാസ യോഗ്യത ഡിഗ്രി ആയതിനാൽ ക്ലാർക്ക് തസ്തികയിലേക്ക് നിയമിക്കപ്പെടാൻ യോഗ്യതയുണ്ടായിരുന്നു.

2. സൂചന രണ്ട് പ്രകാരം എൻ.സി.സി വകുപ്പിൽ നിലവിലുള്ള ഒഴിവിലേക്ക് ശ്രീമതി ദീപ്തി കെ-യെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമിക്കുന്നതിന് സർക്കാർ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

3. മേൽ പ്രതിപാദിച്ച സാഹചര്യത്തിൽ ശ്രീമതി ദീപ്തി കെ, പുലരി ഹൗസ്, കൊഴുകല്ലൂർ പി.ഒ, മേപ്പയൂർ, കോഴിക്കോട് എന്നയാളെ എൻ.സി.സി ഡിപ്പാർട്ട്മെന്റിൽ താത്കാലികമായി ക്ലാർക്ക് തസ്തികയിൽ 19000-43000 എന്ന അടിസ്ഥാന വേതനത്തിൽ കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് ഓഫീസിൽ സമാശ്വസ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

4. ഈ ഉത്തരവ് ലഭിച്ച് പതിനഞ്ചു ദിവസത്തിനകം ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളും, ഒരു സർക്കാർ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സമീപകാലത്ത് എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ, എം.ബി.ബി.എസ് ഡിഗ്രിയുള്ള ഒരു അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ സഹിതം കോഴിക്കോട്ടുള്ള എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ ഗ്രൂപ്പ് കമാണ്ടർ മുൻപാകെ ഹാജരാകേണ്ടതാണ്. മേൽ പറഞ്ഞവയിൽ ഏതെങ്കിലും പാലിക്കപ്പെട്ടില്ലായെങ്കിൽ ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല.

5. ഈ നിയമനം ജനറൽ റൂൾ KSSR 1958 റൂൾ (9) (എ) (1) പ്രകാരവും, 10 (ബി) പ്രകാരവും താല്ക്കാലികാടിസ്ഥാനത്തിൽ ആയിരിക്കും. കൂടാതെ പോലീസ് വെരിഫിക്കേഷന് വിധേയവുമായിരിക്കും.

6. ഉദ്യോഗാർത്ഥി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച സമയത്ത് എന്തെങ്കിലും തെറ്റായ വിവരങ്ങൾ നല്കിയിട്ടുള്ളതായോ, വസ്തുതകൾ മറച്ചുവച്ചിട്ടുള്ളതായോ എന്ന് പിന്നീടുള്ള ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ തെളിഞ്ഞാൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതാണ്

7. ഈ നിയമനം സംബന്ധിച്ച വിവരം മരണപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകത്തിലും ടിയാൻ അവസാനം ജോലി നോക്കിയ സ്ഥാപനത്തിലെ സർവ്വീസ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും പ്രസ്തുത രേഖപ്പെടുത്തൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ 21.02.2018 തീയതിയിലെ സ.ഉ (കൈ) നം.5/18/P&ARD ഉത്തരവിലെ വ്യവസ്ഥ പ്രകാരം ശ്രീമതി ദീപ്തിയിൽ നിന്നും സംരക്ഷണ സമ്മതമൊഴി കൂടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

8. ടിയാന്റെ നിയമനം ക്ലാർക്ക് തസ്തികയിൽ ജോലിയിൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ പ്രൊബേഷനോടുകൂടിയുള്ളതാണ്. കൂടാതെ ഈ കാലയളവിൽ ടിയാന് ഡിപ്പാർട്ട്മെന്റ് പരീക്ഷ ആയ എം.ഒ.പി പാസാകേണ്ടതുമാണ്. ഇതിന്റെ ആവശ്യമായ വിവരങ്ങളും സൂചന രണ്ടിൽ പ്രതിപാദിച്ചിരിക്കുന്നു.

9. ബന്ധപ്പെട്ട അധികാരി ഉദ്യോഗാർത്ഥിയിൽ നിന്നും ജോലിയിൽ പ്രവേശിക്കുന്നതിന് മുൻമ്പ് അംഗീകരിച്ച ഫോറം പൂരിപ്പിച്ച് തുടർ നടപടിയ്ക്കായി വാങ്ങിക്കേണ്ടതാകുന്നു. ജോലിയിൽ പ്രവേശിക്കുന്നത് താമസമില്ലാതെ അറിയിക്കേണ്ടതാണ്. സർക്കാർ അറിയിപ്പ് നമ്പർ.20/2003/ഫിൻ തീയതി 03.02.2003 പ്രകാരം ഏത് ക്വാട്ടയിൽ ആണ് നിയമനം എന്ന് സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

10. ബന്ധപ്പെട്ട അധികാരി ടിയാളിൽ നിന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ.149/2013/ഫിൻ തീയതി 03.04.2014 പ്രകാരം permanent retirement account number (PRAN) നല്കുന്നതിന് ട്രഷറിയിൽ കൊടുക്കുവാൻ ഒരു അപേക്ഷ എഴുതി വാങ്ങിക്കേണ്ടതാകുന്നു.

NCC DIRECTORATE STATE WING Thiruvananthapuram -10 KERALA & LAKSHADWEEP

ഒപ്പ്/-
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

To

1. ശ്രീമതി ദീപ്തി കെ
   പുലരി ഹൗസ്
   കൊഴുക്കല്ലൂർ പി.ഒ
   മേപ്പയൂർ, കോഴിക്കോട്

രജിസ്റ്റേഡ് തപാൽ (സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 49/2019/ഉ.വി.വ തീയതി 28.02.2019 കത്തിന്റെ പകർപ്പ് ഇതിനോടൊപ്പം അയക്കുന്നു.

<u>പകർപ്പ് :</u>

2. ഡിസ്ട്രിക്റ്റ് കളക്ടർ
   കോഴിക്കോട്
3. പബ്ളിക് റിലേഷൻ വകുപ്പ്
   ഗവൺമെന്റ് സെക്രട്ടറിയേറ്റ്
4. പ്രിൻസിപ്പൽ സെക്രട്ടറി
   ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്
5. പ്രിൻസിപ്പൽ സെക്രട്ടറി
   ജി.എ.ഡി (സി.ഇ സെൽ) വകുപ്പ്
6. ഗ്രൂപ്പ് കമാണ്ടർ
   എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്
   കോഴിക്കോട്
7. 9-ാം കേരള ബറ്റാലിയൻ എൻ.സി.സി കോഴിക്കോട്.
8. പകർപ്പ് :- എ3-എസ്റ്റാ/ഐ.റ്റി സെൽ/എസ്.എഫ്/ ഫയൽ

<u>അംഗീകാരത്തോടെ</u>

SHANI S.J.
Administrative Assistant
NCC Directorate (K & L)
Thiruvananthapuram-10